**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3339** — 10-12-2018 -ൽ മറുപടിക്ക്

## പ്രളയധനസഹായത്തിനായി വ്യാജ അപേക്ഷകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.സി. ജോർജ്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രളയക്കെടുതിയുടെ പേരിൽ ധനസഹായം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ കളുടെ പരിശോധനയിൽ എത്ര വ്യാജ അപേക്ഷകൾ കണ്ടെത്തി; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | എ) | ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ശേഖരിച്ചു വരുന്നു. |
| ബി) | വ്യാജ അപേക്ഷകർക്ക് കൊടുത്ത ധനസഹായം സർക്കാർ തിരിച്ചു പിടിച്ചോ; പ്രസ്തുത അപേക്ഷകർക്ക് ധനസഹായം നൽകാൻ അനുമതി നൽകിയ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ; | ബി) | അനർഹരിൽ നിന്ന് തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഉത്തരവാദികളായ ഉദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുള്ളതും തുടർനടപടി എടുത്തുവരുന്നതുമാണ്. |
| സി) | നിലവിൽ ഏത് ഗവൺമെന്റ് ഉത്തരവിന്റെ അല്ലെങ്കിൽ മാനദണ്ഡ ത്തിന്റെ അടിസ്ഥാനത്തിലാണ് പ്രളയ ക്കെടുതിയിൽപ്പെട്ടവർക്ക് ധന സഹായം ലഭ്യമാക്കുന്നത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | സി) | 16.08.2018-ലെ സ.ഉ.(കൈ)നം.13/2018/ ഡി.എം.ഡി. പ്രകാരം ധനസഹായം വിതരണം ചെയ്യുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ (എ) വകുപ്പ് - മഴക്കെടുതി - സംസ്ഥാനത്ത് ഒട്ടാകെ കാലവർഷക്കെടുതി മൂലമുണ്ടായ നാശനഷ്ടങ്ങൾ ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

**സ.ഉ.(കൈ) നം. 13/ 2018/ ദു.നി.വ. തിരുവനന്തപുരം, തീയതി, 16/ 08/ 2018**

പരാമർശം:- 1. സ.ഉ.(എം.എസ്) നം. 6/ 2018/ ഡി.എം.ഡി. തീയതി 02.06.2018
2. സ.ഉ.(എം.എസ്) നം. 7/ 2018/ ഡി.എം.ഡി. തീയതി 21.06.2018
3. സ.ഉ.(പി) നം. 2/ 2018/ ഡി.എം.ഡി. തീയതി 26.07.2018
4. സ.ഉ.(പി) നം. 3/ 2018/ ഡി.എം.ഡി. തീയതി 03.08.2018
5. സ.ഉ.(എം.എസ്) നം. 12/ 2018/ ഡി.എം.ഡി. തീയതി 10.08.2018

**ഉത്തരവ്**

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലുണ്ടായ രൂക്ഷമായ കാലവർഷക്കെടുതി കണക്കിലെടുത്ത് പ്രസ്തുത ജില്ലകളെ പരാമർശം (3), (4) ഉത്തരവുകൾ പ്രകാരം ദുരന്ത ബാധിത ജില്ലകളായി നോട്ടിഫൈ ചെയ്യുകയുണ്ടായി. പ്രസ്തുത കാലയളവിലെ നാശനഷ്ടങ്ങൾ വിലയിരുത്തി ദുരിതാശ്വാസത്തിനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളുകയും പരാമർശം (5) ഉത്തരവ് പ്രകാരം ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി.

രണ്ടാംഘട്ട പ്രളയക്കെടുതിയിൽ പത്ത് ജില്ലകളെ ബാധിക്കുകയുണ്ടായി. കനത്ത നാശനഷ്ടങ്ങളാണ് ഉണ്ടായത്. ഈ സാഹചര്യത്തിൽ 14.08.2018-ൽ കൂടിയ മന്ത്രിസഭാ യോഗത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൂടി കൈക്കൊണ്ടിട്ടുണ്ട്. ഇതിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സമയബന്ധിതമായി ഉത്തരവ് /നടപടികൾ സ്വീകരിക്കേണ്ടതാണ്.

(1) പ്രളയത്തിന്റെ തീവ്രതയും ദുരിതത്തിന്റെ കാഠിന്യവും കണക്കിലെടുത്ത് നേരത്തെ പ്രഖ്യാപിച്ച 198 വില്ലേജുകൾക്കു പുറമേ, പുതുതായി 254 വില്ലേജുകൾ കൂടി (അനുബന്ധം (1)) (ആകെ 452 വില്ലേജുകൾ) പ്രളയബാധിത പ്രദേശങ്ങളായി പ്രഖ്യാപിക്കുന്നു.

(2) രണ്ട് ദിവസത്തിലധികം വെള്ളം കെട്ടിനിൽക്കുക, മണ്ണിടിച്ചിൽ തുടങ്ങിയ കാരണങ്ങളാൽ വീട് വാസയോഗ്യമല്ലാതായ ഓരോ കുടുംബത്തിനും ഒറ്റപ്രാവശ്യത്തെ ആശ്വാസ ധനസഹായമായി 10,000/- രൂപ (എസ്.ഡി.ആർ.എഫ്-ൽ നിന്നുള്ള 3,800/- രൂപയ്ക്ക് പുറമേ സി.എം.ഡി.ആർ.എഫ്-ൽ നിന്ന് 6,200/- രൂപ) നിരക്കിൽ നൽകേണ്ടതാണ്. (നടപടി - റവന്യൂ / ദുരന്ത നിവാരണം / ഡി.ആർ.എഫ്. വകുപ്പുകൾ)

(3) പൂർണ്ണമായും തകർന്നതോ പൂർണ്ണമായും വാസയോഗ്യമല്ലാതാവുകയോ ചെയ്ത വീട് ഒന്നിന് 4 ലക്ഷം രൂപയും, വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് ഇതിനു പുറമേ 3 മുതൽ 5 വരെ സെന്റ് സ്ഥലം വാങ്ങുന്നതിനായി പരമാവധി 6 ലക്ഷം രൂപയും പരാമർശം 1ഉം 2ഉം ഉത്തരവിൽ നിഷ്കർഷിക്കുന്ന, നിലവിലുള്ള മാനദണ്ഡപ്രകാരം നൽകേണ്ടതാണ്. (നടപടി - ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും)

(4) കാലവർഷക്കെടുതിയിൽ മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നഷ്ടപരിഹാരം നൽകേണ്ടതാണ്. (നടപടി - ഡി.ആർ.എഫ്. /മത്സ്യബന്ധനം / ധനകാര്യം വകുപ്പുകൾ)

(5) a) സർക്കാർ, പൊതുമേഖല, കമ്പനി ജീവനക്കാരുടെ രണ്ട് ദിവസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകേണ്ടതാണ്.

b) പൊതുമേഖല-സഹകരണ സ്ഥാപനങ്ങളുടെ കോപറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി ഫണ്ട് (സി.എസ്.ആർ)/ പൊതു നന്മ ഫണ്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകേണ്ടതാണ്. (നടപടി - വ്യവസായം / സഹകരണം / ആസൂത്രണ വകുപ്പുകൾ)

(6) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിക്കുന്ന സംഭാവനകൾ കൈമാറി നൽകുന്നതിന് പൊതുമേഖലാ / സഹകരണ ബാങ്കുകൾ ഈടാക്കുന്ന കമ്മീഷനുകൾ, എക്സ്ചേഞ്ച് ചാർജ്ജുകൾ ഒഴിവാക്കണമെന്ന് സംസ്ഥാന ബാങ്കിംഗ് സമിതിയോട് ആവശ്യപ്പെട്ടുവാൻ തീരുമാനിച്ചു. (നടപടി - റവന്യൂ (ജി) വകുപ്പ്)

(7) ദുരിതബാധിതർക്ക് ദുരിതാശ്വാസമായി സർക്കാർ നൽകുന്ന തുക നിക്ഷേപിക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ മിനിമം ബാലൻസ് സൂക്ഷിക്കണമെന്ന നിബന്ധന ഒഴിവാക്കണമെന്ന് ബാങ്കുകൾക്ക് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു. (നടപടി - റവന്യൂ (ജി) വകുപ്പ്)

(8) നഷ്ടപ്പെട്ട രേഖകൾ നൽകുന്നതിന് ഒരു തരത്തിലുള്ള കാലതാമസം വരാതെയും ഫീസ് ഈടാക്കാതെയും സമയബന്ധിതമായി നൽകുന്നതിന് അദാലത്തുകൾ ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. രേഖകൾ നൽകുന്നതിന് 2018 സെപ്തംബർ 30 വരെ സമയം അനുവദിക്കുന്നതാണ്. ഇത്തരം ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ജില്ലയിൽ ചുമതലയുള്ള മന്ത്രിമാരെയും ഒരു സെക്രട്ടറിതല ഉദ്യോഗസ്ഥനെയും

പ്രത്യേകം ചുമതലപ്പെടുത്തുന്നു. (മന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും ലിസ്റ്റ് - അനുബന്ധം 2-ൽ ചേർക്കുന്നു) സെപ്റ്റംബർ 3 മുതൽ 15 വരെയുള്ള തീയതികളിൽ ഈ അദാലത്തുകൾ നടത്തേണ്ടതും രേഖകൾക്കുള്ള അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾ വഴി സൗജന്യമായി സ്വീകരിക്കേണ്ടതുമാണ്. അക്ഷയ കേന്ദ്രങ്ങൾക്ക് ലഭ്യമാക്കേണ്ട ഫീസ് സർക്കാർ നൽകുന്നതാണ്. (നടപടി - തദ്ദേശ സ്വയംഭരണ വകുപ്പ്)

(9) സമയബന്ധിതമായി ദുരിതാശ്വാസത്തിനുള്ള നഷ്ടപരിഹാരം നൽകാൻ ആവശ്യമായ തീരുമാനങ്ങളെടുക്കാനും നടപ്പാക്കാനും താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെട്ട ഒരു മന്ത്രിസഭാ ഉപസമിതിയെ നിയോഗിക്കുന്നു.

1. ശ്രീ. ഇ.പി.ജയരാജൻ, ബഹു.വ്യവസായ വകുപ്പ് മന്ത്രി
2. ശ്രീ. ഇ. ചന്ദ്രശേഖരൻ, ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി
3. അഡ്വ. മാത്യു ടി. തോമസ്, ബഹു.ജലവിഭവ വകുപ്പ് മന്ത്രി
4. ശ്രീ. എ.കെ. ശശീന്ദ്രൻ, ബഹു. ഗതാഗത വകുപ്പ് മന്ത്രി
5. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി

(10) കാലവർഷക്കെടുതിയിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ മുതലായവ മൂലം സാരമായി പരിക്കേറ്റവർക്ക് സൗജന്യ ചികിത്സ നൽകുന്നതാണ്. ഇതിനുള്ള നടപടികൾ അതാത് ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്. (നടപടി - എല്ലാ ജില്ലാ കളക്ടർമാർക്കും / ആരോഗ്യ വകുപ്പ്)

(11) സർക്കാരിന്റെ നേതൃത്വത്തിൽ നടത്താറുള്ള ഓണാഘോഷ പരിപാടികൾ കാലവർഷക്കെടുതിയുടെ പശ്ചാത്തലത്തിൽ ഇത്തവണ ഒഴിവാക്കേണ്ടതും ഓണാഘോഷ പരിപാടികൾക്കായി സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് ലഭ്യമാക്കിയ തുക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതുമാണ്.

(12) മഴക്കെടുതിയുമായി ബന്ധപ്പെട്ട് 08.08.2018-ലും 14.08.2018-ലും കൈക്കൊണ്ട തീരുമാനങ്ങൾക്ക് പുറമെയുള്ളവയെ സംബന്ധിച്ച് നിലവിലുള്ള നിയമങ്ങളും മാനദണ്ഡങ്ങളും അനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**പി.എച്ച്.കുര്യൻ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം.

എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും, (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം , എറണാകുളം, കോഴിക്കോട്, തൃശ്ശൂർ
റവന്യൂ വകുപ്പ്
റവന്യൂ ( ഡി.ആർ.എഫ്.) വകുപ്പ്
മത്സ്യബന്ധനം വകുപ്പ്
ധനകാര്യ വകുപ്പ്
വ്യവസായ വകുപ്പ്
സഹകരണ വകുപ്പ്
ആസൂത്രണ- സാമ്പത്തികകാര്യ വകുപ്പ്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്
പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
അഡിഷണൽ ചീഫ് സെക്രട്ടറിയുടെ (റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്) പേഴ്സണൽ സെക്രട്ടറിക്ക്
അഡീഷണൽ സെക്രട്ടറിയുടെ (ദുരന്ത നിവാരണ വകുപ്പ്) സി.എ-യ്ക്ക്
ഡി.എം.(ബി) വകുപ്പ്
ഡി.എം. (എ 4) സീറ്റിന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| Sl. No. | District | Taluk | Village |
|---|---|---|---|
| 1 | Malappuram | Nilambur | Chokkad |
| 2 | Malappuram | Nilambur | Karulai |
| 3 | Malappuram | Nilambur | Akampadam |
| 4 | Malappuram | Nilambur | Vazhikadavu |
| 5 | Malappuram | Nilambur | Kurumpalangode |
| 6 | Malappuram | Nilambur | Kerala Estate |
| 7 | Malappuram | Nilambur | Amarambalam |
| 8 | Malappuram | Nilambur | Nilambur |
| 9 | Malappuram | Nilambur | Edakkara |
| 10 | Malappuram | Nilambur | Chungathara |
| 11 | Malappuram | Nilambur | Karuvarakund |
| 12 | Malappuram | Nilambur | Mampad |
| 13 | Malappuram | Nilambur | Pullipadam |
| 14 | Malappuram | Nilambur | Porur |
| 15 | Malappuram | Nilambur | Thuvvur |
| 16 | Malappuram | Nilambur | Wandoor |
| 17 | Malappuram | Nilambur | Vellayur |
| 18 | Malappuram | Nilambur | Kalikavu |
| 19 | Malappuram | Nilambur | Thiruvali |
| 20 | Malappuram | Nilambur | Moothedam |
| 21 | Malappuram | Nilambur | Pothukallu |
| 22 | Malappuram | Kondotty | Vazhayur |
| 23 | Malappuram | Kondotty | Vazhakkad |
| 24 | Malappuram | Kondotty | Cheekod |
| 25 | Malappuram | Kondotty | Muthuvalloor |
| 26 | Malappuram | Ernad | Veettilappara |
| 27 | Malappuram | Ernad | Uragetteri |
| 28 | Malappuram | Ernad | Keezhuparambu |
| 29 | Malappuram | Ernad | Edavanna |
| 30 | Malappuram | Ernad | Areecode |
| 31 | Kannur | Iritty | Kottiyoor |
| 32 | Kannur | Iritty | Kelakam |
| 33 | Kannur | Iritty | Kanichar |
| 34 | Kannur | Iritty | Vilamana |
| 35 | Kannur | Iritty | Nuchiyad |
| 36 | Kannur | Iritty | Payam |
| 37 | Kannur | Iritty | Aralam |
| 38 | Kannur | Iritty | Ayyankunnu |
| 39 | Kannur | Iritty | Thillenkeri |
| 40 | Kannur | Iritty | Muzhakunnu |
| 41 | Kannur | Taliparamba | Eruvessi |

| | | | |
|---|---|---|---|
| 42 | Kannur | Taliparamba | Kooveri |
| 43 | Kannur | Taliparamba | Taliparamba |
| 44 | Kannur | Taliparamba | Payyavoor |
| 45 | Kannur | Taliparamba | Irikkur |
| 46 | Kannur | Taliparamba | Naduvil |
| 47 | Kannur | Taliparamba | Udayagiri |
| 48 | Kannur | Taliparamba | Chengalayi |
| 49 | Kannur | Taliparamba | Chapparapadavu |
| 50 | Kannur | Payyanur | Cherupuzha |
| 51 | Kannur | Kannur | Edakkad |
| 52 | Kannur | Kannur | Muzhappilangad |
| 53 | Kannur | Kannur | Chirakkal |
| 54 | Kannur | Kannur | Elayavoor |
| 55 | Palakkad | Palakkad | All villages (30) |
| 56 | Kozhikode | Thamarasherry | " (20) |
| 57 | Ernakulam | Aluva | " (18) |
| 58 | Ernakulam | Paravoor | " (13) |
| 59 | Wayanad | Entire district | " (49) |
| 60 | Idukki | Entire district | " (67) |

നേരത്തെ പ്രളയബാധിതമായി പ്രഖ്യാപിച്ച വില്ലേജുകളുടെ എണ്ണം - 198

ആലപ്പുഴ, കോട്ടയം ജില്ലകളിലെ എല്ലാ വില്ലേജുകളും പത്തനംതിട്ട ജില്ലയിലെ നിരണം, പെരിങ്ങറ, കടപ്ര, നെടുമ്പ്രം, കാവുംഭാഗം വില്ലേജുകളും ചേർത്ത് ആകെ 198 വില്ലേജുകൾ ഇതിനകം പ്രളയബാധിത മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. പുതുതായി ഇടുക്കി, വയനാട് ജില്ലകളിലെ എല്ലാ വില്ലേജുകളും എറണാകുളം ജില്ലയിലെ ആലുവ, പരവൂർ താലൂക്കുകളിലെ എല്ലാ വില്ലേജുകളും പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിലെ എല്ലാ വില്ലേജുകളും കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിലെ എല്ലാ വില്ലേജുകളും ഉൾപ്പെടുന്നു.

ആലപ്പുഴ ജില്ല (93)

കുട്ടനാട് താലൂക്ക്-14, അമ്പലപ്പുഴ താലൂക്ക്-14, ചേർത്തല താലൂക്ക്-21, കാർത്തികപ്പള്ളി താലൂക്ക്-18, മാവേലിക്കര താലൂക്ക്-15, ചെങ്ങന്നൂർ താലൂക്ക്-11.

കോട്ടയം ജില്ല (100)

ചങ്ങനാശ്ശേരി താലൂക്ക്-15, കാഞ്ഞിരപ്പള്ളി താലൂക്ക്-13, കോട്ടയം താലൂക്ക്-26, മീനച്ചൽ താലൂക്ക്-28, വൈക്കം താലൂക്ക്-18.

വയനാട്, ഇടുക്കി ജില്ലകൾ മുഴുവനും പ്രളയബാധിതമാണ്.

പാലക്കാട്, താമരശ്ശേരി, ആലുവ, പരവൂർ താലൂക്കുകളിലെ എല്ലാ വില്ലേജുകളും പ്രളയബാധിതമാണ്.

സംസ്ഥാനത്താകെ 452 വില്ലേജുകൾ പ്രളയബാധിതമായി കണക്കാക്കുന്നു.